<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3972</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥന്റെ മരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അന്വേഷണം പൂർത്തിയായോ; | (എ) | പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥൻ മരണപ്പെട്ട ദാരുണ സംഭവവുമായി ബന്ധപ്പെട്ട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസിന്റെ അന്വേഷണത്തിനു രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ആരോപണ വിധേയരായ 20 വിദ്യാർഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം 09.03.2024 -ലെ സർക്കാർ ഉത്തരവ് (MS) No. 70/2024 ആഭ്യന്തരം പ്രകാരം അന്വേഷത്തിനായി CBI യ്ക്ക് കൈമാറുകയും അതനുസരിച്ച് സി.ബി.ഐ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയുമാണ്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പൂക്കോട് വെറ്ററിനറി കോളേജിലെ ആന്റി റാഗിംഗ് സ്ക്വാഡിന്റെ ചുമതലയുണ്ടായിരുന്ന ഡീൻ & വാർഡൻ, അസിസ്റ്റന്റ് പ്രൊഫസർ & അസിസ്റ്റന്റ് വാർഡൻ എന്നിവരെ സസ്പെൻഡ് ചെയ്തിരുന്നു. കൂടാതെ സി.ബി.ഐ. അന്വേഷണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ജാഗ്രതക്കുറവുണ്ടായി എന്ന് കണ്ടതിനാൽ ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. |
| (ബി) | സി.ബി.ഐ. അന്വേഷണം സംബന്ധിച്ച സർക്കാർ ഫയൽ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർക്ക് കുറ്റപത്രം നൽകാതെ അവരെ സർവീസിൽ തുടരാനും അതിൽ ചിലർക്ക് ഉദ്യോഗ കയറ്റം നൽകാനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സി.ബി.ഐ. അന്വേഷണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ജാഗ്രതക്കുറവുണ്ടായി എന്ന് കണ്ടതിനാലാണ് ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നത്. സസ്പെന്റ് ചെയ്യപ്പെട്ടവർ നൽകിയ വിശദീകരണം പരിശോധിച്ച ശേഷം അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മരണപ്പെട്ട വിദ്യാർത്ഥിയുടെ രക്ഷകർത്താക്കൾക്ക് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ ആത്മഹത്യ ചെയ്തതായി അറിയുന്ന ജെ. എസ്. സിദ്ധാർഥ് എന്ന വിദ്യാർഥി ആത്മഹത്യയ്ക്ക് ഉപയോഗിച്ചതായി പറയുന്ന വസ്തു പോലീസ് കണ്ടെത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് സാധിച്ചില്ല എന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി വയനാട് പോലീസ് ബന്തവസ്സിലെടുത്ത വസ്തുവകകൾ എല്ലാം കൽപ്പറ്റ JFMC മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ